**ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് പാലക്കാട്**

**ശ്രീകൃഷ്ണപുരം**

നമ്പർ : GECPKD/340/2026-C5 തീയ്യതി: 29-05-2026

പ്രേ:

പ്രിൻസിപ്പാൾ

സ്വീ:

ജില്ലാ ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാലക്കാട്,
സിവിൽ സ്റ്റേഷൻ,
പാലക്കാട് ജില്ല,
പിൻ-678013

സർ/മാഡം,

വിഷയം: വിദ്യാഭ്യാസം-സാങ്കേതികം-സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം, പാലക്കാട്- 2026-2027 അധ്യയന വർഷത്തിൽ ഈ സ്ഥാപനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ബസ് ഡ്രൈവർ, ബസ് ക്ലീനർ എന്നീ തസ്തികകളിലേക്ക് താൽക്കാലിക നിയമനം-വാർത്താ പ്രസിദ്ധീകരണം അയക്കുന്നത് സംബന്ധിച്ച്

സൂചന: 1. ഈ സ്ഥാപനത്തിലെ ബസ് സെക്രട്ടറിയായ ശ്രീ.സുധീഷ്.കെ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് അസിസ്റ്റൻറ് പ്രൊഫസർ ഈ കാര്യാലയത്തിൽ സമർപ്പിച്ച 21-05-2026 ആം തിയ്യതിയിലെ അപേക്ഷ.

2. 20-05-2026 ആം തിയ്യതി 2.00 PM ന് ഈ സ്ഥാപനത്തിൽ ചേർന്ന ബസ് കമ്മിറ്റി യോഗത്തിൻറെ മിനുട്ട്സ്.

ഈ സ്ഥാപനത്തിൽ നിലവിൽ ഒഴിവുള്ളതും ഭാവിയിൽ വരാവുന്നതുമായ ബസ് ഡ്രൈവർ, ബസ് ക്ലീനർ എന്നീ തസ്തികകളിലേക്ക് ഈ സ്ഥാപനത്തിലെ ബസ് കമ്മിറ്റി മുഖേന ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിനുള്ള അഭിമുഖം 10-06-2026 ആം തിയ്യതി രാവിലെ 10 മണിക്ക് (10 AM) നടത്തുന്നു. അനുബന്ധത്തിൽ ചേർത്തിരിക്കുന്ന പ്രസിദ്ധീകരണം എല്ലാ ദിനപ്പത്രങ്ങളിലും അടിയന്തിരപ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുവാനും പ്രസിദ്ധീകരിച്ച

വിവരം രേഖാമൂലം ഈ കാര്യാലയത്തെ അറിയിക്കുവാനും അഭ്യർത്ഥിക്കുന്നു.

പത്രക്കുറിപ്പ് **(Press Release Content)**

**<u>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം, പാലക്കാട് പ്രസിദ്ധീകരണത്തിന്</u>**

സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം, പാലക്കാട് നിലവിൽ ഒഴിവുള്ള ബസ് ഡ്രൈവർ, ബസ് ക്ലീനർ എന്നീ തസ്തികകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു.

**യോഗ്യത:**

- **ബസ് ഡ്രൈവർ:** ഏഴാം ക്ലാസ്സ് പാസായിരിക്കണം. ഹെവി വെഹിക്കിൾ ഡ്രൈവിംഗിൽ കുറഞ്ഞത് 5 ൽ കൂടുതൽ വർഷങ്ങളുടെ മുൻ പരിചയം, ഈ സ്ഥാപനത്തിൽ ചേരുന്ന ദിവസം മുതൽ കുറഞ്ഞത് ഒരു വർഷം (1 വർഷം) കാലാവധിയുള്ള ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്. അസിസ്റ്റൻറ് സർജൻറെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന PHYSICAL FITNESS CERTIFICATE, EYE MEDICAL CERTIFICATE, സർട്ടിഫിക്കറ്റ് ഓഫ് നോൺ ഇൻവോൾമെൻറ് ഇൻ ഒഫൻസസ് (പഴയ നാമം-പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്) എന്നിവ ഹാജരാക്കേണ്ടതാണ്. കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ ഡ്രൈവർമാർക്ക് നിർദ്ദേശിക്കുന്ന യോഗ്യതാനിർദ്ദേശങ്ങൾ ബാധകമാണ്.

- **ബസ് ക്ലീനർ:** ഏഴാം ക്ലാസ്സ് പാസായിരിക്കണം. ബസ് ക്ലീനറായി കുറഞ്ഞത് 1 വർഷത്തെ മുൻ പരിചയം. അസിസ്റ്റൻറ് സർജൻറെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന PHYSICAL FITNESS CERTIFICATE, സർട്ടിഫിക്കറ്റ് ഓഫ് നോൺ ഇൻവോൾമെൻറ് ഇൻ ഒഫൻസസ് (പഴയ നാമം-പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്) എന്നിവ ഹാജരാക്കേണ്ടതാണ്. കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ ക്ലീനർമാർക്ക് നിർദ്ദേശിക്കുന്ന യോഗ്യതാനിർദ്ദേശങ്ങൾ ബാധകമാണ്.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ 10-06-2026 ആം തിയ്യതി 10 AM ന് അസ്സൽ പ്രമാണങ്ങളും ഓരോ അസ്സൽ പ്രമാണങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകേണ്ടതാണ്.

*(NB: തിരഞ്ഞെടുക്കപ്പെടുന്ന ഡ്രൈവർമാരും ക്ലീനർമാരും പാലക്കാട്, മണ്ണാർക്കാട്, ഷൊർണൂർ, പട്ടാമ്പി റൂട്ടുകളിൽ ഈ സ്ഥാപനത്തിലെ നിർദ്ദേശങ്ങൾ പ്രകാരം ജോലി ചെയ്യാൻ സന്നദ്ധരായിരിക്കണം.)* കൂടുതൽ

വിവരങ്ങൾ ക്ക് **9400006412** എന്ന നമ്പറുമായി ആശയവിനിമയം നടത്തേണ്ടതാണ്.

**ഡിജിറ്റലായി അംഗീകരിച്ചത്**
REMESH BABU K R
PRINCIPAL

പകർപ്പ്:

1. ശ്രീ.സുധീഷ്.കെ, ബസ് സെക്രട്ടറി (sudheeshk@gecskp.ac.in എന്ന വ്യക്തിഗത ഇ-മെയിലിലേക്ക്)

2. ഈ സ്ഥാപനത്തിൻറെ ഔദ്യോഗിക വെബ്സൈറ്റ് അഡ്മിൻ (https://gecskp.ac.in എന്ന വെബ്സൈറ്റിൽ ഉടൻ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ് - portaladmin@gecskp.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്)

Digitally signed by
K R Remesh Babu
Date: 29-05-2026
15:00:07